# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 140 09.06.2014 ൽ മറുപടിക്ക്

### കണ്ണൂർ വിമാനത്താവള നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ: | | **കെ. ബാബു**<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവള നിർമ്മാണത്തിനായി എത്ര ഭൂമി ഏറ്റെടുക്കുവാനാണ് തീരുമാനിച്ചത് ; | (എ) | കണ്ണൂർ വിമാനത്താവള നിർമ്മാണത്തിനായി 2000 ഏക്കറും കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസത്തിന് 150 ഏക്കറും കെ.എസ്.ഇ.ബി ക്ക് 50 ഏക്കറും ഉൾപ്പെടെ 2200 ഏക്കർ ഭൂമി ഏറ്റെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | എത്ര ഭൂമി ഏറ്റെടുത്ത് കെ. ഐ. എ.എൽ.നു കൈമാറിക്കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ; | (ബി) | ഒന്നാം ഘട്ടത്തിൽ സർക്കാർ നേരിട്ട് ഏറ്റെടുത്ത 192.18 ഏക്കർ ഭൂമിയും, രണ്ടാം ഘട്ടത്തിൽ കിൻഫ്ര മുഖാന്തിരം ഏറ്റെടുത്ത 1087.14 ഏക്കർ ഭൂമിയും ഉൾപ്പെടെയുള്ള 1279.32 ഏക്കർ ഭൂമിയിൽ പുനരധിവാസത്തിനായി കിൻഫ്ര രജിസ്റ്റർ ചെയ്തു നൽകിയ 12.20 ഏക്കർ ഭൂമി കഴിച്ചുള്ള 1267.12 ഏക്കർ ഭൂമി കിയാലിന് കൈമാറിയിട്ടുണ്ട്. |
| (സി) | ഇനിയും എത്ര ഭൂമി ഏറ്റെടുക്കേണ്ടതുണ്ടെന്നും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (സി) | മൂന്നാംഘട്ടത്തിൽ ഉൾപ്പെട്ട 656.15 ഏക്കർ ഭൂമി കിൻഫ്ര ഇപ്പോൾ ഏറ്റെടുത്തു വരികയാണ്. അതിന്റെ നടപടി ക്രമങ്ങൾ പൂർത്തിയാക്കി 525.39 ഏക്കർ ഭൂമി 31.05.2014 വരെയുള്ള കാലയളവിൽ ഏറ്റെടുത്തിട്ടുണ്ട്. ബാക്കി ഏറ്റെടുക്കുവാനുള്ള 130.76 ഏക്കർ ഭൂമിയുടെ രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായി രേഖകളുടെ സൂക്ഷ്മ പരിശോധനയും മറ്റും നടന്നു വരികയാണ്. |

| | | | |
|---|---|---|---|
| (ഡി) | കണ്ണൂർ വിമാനത്താവള നിർമ്മാണത്തിനായി കിൻഫ്ര ഏറ്റെടുത്ത ഭൂമി ഇനിയും കെ.ഐ.എ.എൽ-നു കൈമാറാൻ ഉണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | എങ്കിൽ കിൻഫ്ര ഏറ്റെടുത്തതും കെ.ഐ.എ.എൽ-നു കൈമാറ്റം ചെയ്യപ്പെടാത്തതുമായ എത്ര ഭൂമിയാണുള്ളത്; | (ഇ) | 525.39 ഏക്കർ. |
| (എഫ്) | പ്രസ്തുത ഭൂമി എപ്പോൾ കെ.ഐ.എ.എൽ-നു കൈമാറി നൽകുമെന്നു വ്യക്തമാക്കുമോ? | (എഫ് | മൂന്നാം ഘട്ടത്തിൽ കിൻഫ്ര ഏറ്റെടുത്തിട്ടുള്ള ഭൂമി കിയാലിന് ഇതുവരെ കൈമാറിയിട്ടില്ല. യൂണിയൻ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കിയാണ് കിൻഫ്ര മൂന്നാംഘട്ടത്തിലെ ഭൂമിയുടെ വില നൽകി വരുന്നത്. ബന്ധപ്പെട്ട നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രസ്തുത ഭൂമി കിയാലിന് കൈമാറുന്നതാണ്. |

സെക്ഷൻ ഓഫീസർ